ചെലവ്, മേൽനോട്ടക്കൂലി, കാലാകാലങ്ങളിൽ ബോർഡ് നിശ്ചയിക്കുന്ന പലിശ എന്നിവയെല്ലാം ചേർത്താണ് ഹൗസിംഗ് ബോർഡ് നൽകുന്ന സ്ഥലത്തിന്റെയും വീടുകളുടെയും ഫ്ളാറ്റുകളുടെയും വിൽപ്പന വില നിശ്ചയിക്കുന്നത്.

(ബി) മൂന്ന് കേസ്സുകൾ നിലവിലുണ്ട്.

(സി) പദ്ധതികളുടെ അന്തിമവില തീർപ്പാക്കുന്ന മുറയ്ക്ക് വിലയാധാരം നൽകാനുള്ള നടപടി ഹൗസിംഗ് ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിലയാധാരം അടിയന്തിരമായി നൽകുന്നതിന് ഒരു സ്പെഷ്യൽ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) താൽക്കാലിക വില നിശ്ചയിച്ചാണ് ബോർഡ് വിവിധ പദ്ധതികളിൽ അലോട്ട്മെന്റ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഉദ്ദേശിച്ച ചെലവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, അലോട്ട്മെന്റിന് ശേഷം എൽ.എ.ആർ/ ആർബിട്രേഷൻ കേസുകൾക്ക് കോടതി വിധി പ്രകാരം ബോർഡ് അടയ്ക്കേണ്ടി വരുന്ന അധികതുക എന്നിവ താൽക്കാലിക വിലയിൽ മാറ്റം വരുത്താൻ കാരണമാകുന്നുണ്ട്.

ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

28 (1338) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ ബോർഡിന്റെ ജില്ലാ ഓഫീസുകൾ മുഖേന ദുർബല വിഭാഗങ്ങൾക്ക് വീട് നൽകുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡിൽ മുൻകൂട്ടി പണം നൽകിയ ഗുണഭോക്താക്കൾക്ക് ഇനിയും വീട് ലഭിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇവരുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) യഥാസമയം വീട് നിർമ്മിച്ച് നൽകാൻകഴിയാത്ത സാഹചര്യത്തിൽ പണം മുൻകൂട്ടി അടച്ച ഗുണഭോക്താക്കൾക്ക് പണം തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇത്തരത്തിലുള്ള എത്ര കേസ്സുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡിന്റെ ഡിവിഷൻ/ജില്ലാ ബ്രാഞ്ച് ഓഫീസുകൾ വഴി മൈത്രി ഭവന പദ്ധതി പ്രകാരം 30-6-2001-ന് മുൻപ് വായ്പാനുവാദം നൽകിയവർക്ക് വീടുപണി പൂർത്തിയാക്കുന്നതിനായി നിർമ്മാണ പുരോഗതി കണക്കിലെടുത്ത് വായ്പാ ഗഡുക്കൾ നൽകി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. എന്നാൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. കൂടാതെ ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് വായ്പയും ധനസഹായവും നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുൻകൂട്ടി വാങ്ങിയിട്ടുള്ള പണം തിരികെ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 1582 കേസുകൾ ഉണ്ട്.

നൂറനാട് വില്ലേജിലെ ഏതാനും വീടുകൾ നൂറനാട് പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

29 (1339) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ നൂറനാട് വില്ലേജിൽപ്പെട്ട പാലമേൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഏലിയാസ് നഗറിലെ വീടുകൾ നൂറനാട് പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കരിങ്ങാലിപുഞ്ചയുടെ തീരത്തുള്ള കിടങ്ങയം കരയുടെ ഭാഗത്തായി ഏലിയാസ് നഗറിലേക്ക് തള്ളിനിൽക്കുന്ന പ്രസ്തുത പ്രദേശം നൂറനാട് വില്ലേജിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലാ കളക്ടറുടെ വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സംസ്ഥാനത്തുനടത്തിയ മരാമത്ത് പണികൾ

30 (1340) ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രകോടി രൂപയുടെ മരാമത്ത് പണികൾ പി.ഡബ്ലിയു.ഡി.യുടെ കീഴിൽ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly